**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1458** **04-07-2022 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് വില്ലേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ മണ്ഡലത്തിലെ വില്ലേജാഫീസുകൾ സ്മാർട്ട് വില്ലേജാഫീസുകളായി ഉയർത്താൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നടപടികളെക്കുറിച്ച് വില്ലേജ് തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; | (എ) | ആലപ്പുഴ മണ്ഡലത്തിൽ വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജാഫീസുകളാക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകിയിട്ടില്ല. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആലപ്പുഴ മണ്ഡലത്തിലെ ആര്യാട് തെക്ക് വില്ലേജ് ഓഫീസിന്റെ അറ്റകുറ്റപ്പണി, അഡീഷണൽ റൂം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. |
| (ബി) | പുതിയ കെട്ടിടങ്ങൾ ആവശ്യമുള്ള വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) | അഞ്ച് വർഷക്കാലത്തിനിടയിൽ എല്ലാ വില്ലേജുകളും സ്മാർട്ടാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ഇതനുസരിച്ച് ഒരു വില്ലേജ് സ്മാർട്ടാക്കാൻ അറ്റകുറ്റപണികൾ മാത്രം മതിയാകുന്നവ, പൂർണ്ണമായും പുതിയ കെട്ടിടം പണിയേണ്ടവ, സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കേണ്ടവ എന്നിങ്ങനെ പ്രത്യേകം തരം തിരിച്ച് മുൻഗണനാ ക്രമത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി വരികയാണ്. ഇതനുസരിച്ച് ആവശ്യമായ നടപടികൾ പരിഗണനയിലാണ്. |
| (സി) | സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തേണ്ട വില്ലേജ് ഓഫീസുകൾ ഏതൊക്കെ? | (സി) | ആലപ്പുഴ മണ്ഡലത്തിലെ മാരാരിക്കുളം നോർത്ത്, മണ്ണഞ്ചേരി, കലവൂർ, കോമളപുരം, പാതിരപ്പള്ളി, ആര്യാട് തെക്ക്, മുല്ലയ്ക്കൽ എന്നീ വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ